കേരളാ സ്റ്റേറ്റ് ഹാന്റ്‌ലൂം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി
ലിമിറ്റഡ് നമ്പർ , H 232 തിരുവനന്തപുരം

01.12.2012 ശനിയാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് കോഴിക്കോട് ഹോട്ടൽ അളകാപുരിയിൽ വച്ച് കൂടിയ ഭരണസമിതി യോഗത്തിന്റെ മിനിറ്റ്സ്.

ഹാജർ

1. ശ്രീ.പെരിങ്ങമ്മല വിജയൻ - പ്രസിഡന്റ്
2. ശ്രീ.സി.മാധവൻ - വൈസ് പ്രസിഡന്റ്
3. ശ്രീ. എസ്. അബ്ദുൾ ഹലീം - മാനേജിംഗ് ഡയറക്ടർ
4. ശ്രീ. സാം. സി. ഇട്ടിച്ചെറിയ - കൈത്തറി വകുപ്പ് ഡയറക്ടർ
5. ശ്രീ. എസ്. വിജയകുമാർ - ജോയിന്റ് സെക്രട്ടറി ധനകാര്യവകുപ്പ്
6. ശ്രീ. പി.കെ. ഗോപാലൻ - ഭരണസമിതി അംഗം
7. ശ്രീ. വണ്ടന്നൂർ സദാശിവൻ - ”
8. ശ്രീ. കെ.കെ. രവീന്ദ്രൻപിള്ള - ”
9. ശ്രീ. സി. ബാലൻ - ”
10. ശ്രീ. ഡി. സുധാകരൻ - ”
11. ശ്രീ. ടി. വി. ബാലകൃഷ്ണൻ - ”
12. ശ്രീ. എസ്. ഭക്തവത്സലൻ - ”
13. ശ്രീ. ഡി. ബാഹുലേയൻ - ”

തീരുമാനങ്ങൾ

മുൻ പ്രധാനമന്ത്രി ഐ.കെ. ഗുജറാളിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി.

1) 28.09.2012 വെള്ളിയാഴ്ച 10.30-ന് കൂടിയ ഭരണസമിതിയോഗത്തിന്റെ മിനിറ്റ്സ് റിക്കാർഡ് ചെയ്യുന്നത് സംബന്ധിച്ച്.

റിക്കാർഡ് ചെയ്തു.

2) 07.11.2012-ൽ ഹാന്റക്സ് ഹെഡ്ഓഫീസിൽ കൂടിയ ഭരണനിർവ്വാഹകസമിതിയോഗത്തിന്റെ മിനിറ്റ്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്.

അംഗീകരിച്ചു.

3) ബഹു. ഹാന്റക്സ് പ്രസിഡന്റിന്റെ ഡൽഹി സന്ദർശനം (IIT Fair) സംബന്ധിച്ച്.

2012 നവംബർ മാസം 14-ാം തീയതി മുതൽ 27-ാം തീയതി വരെ നടന്ന ഡൽഹി അന്താരാഷ്ട്രമേളയിൽ (IIT Fair) ഹാന്റക്സ് പങ്കെടുക്കുകയും ടി മേളയിൽ ഹാന്റക്സിനെ പ്രതിനിധീകരിച്ച് 18/11/2012 മുതൽ 21.11.2012

വരെ തിരുവനന്തപുരത്തു നിന്ന് ഹാന്റക്സ് പ്രസിഡന്റ് വിമാന മാർഗ്ഗം ഡൽഹി വരെ പോയി തിരികെ ഡൽഹിയിൽ നിന്നും വിമാനമാർഗ്ഗം തിരുവനന്തപുരത്ത് വന്ന യാത്ര അംഗീകരിച്ചു.

4) **എറണാകുളം മേഖലയുടെ നിയന്ത്രണത്തിലുള്ള പത്തനംതിട്ട ഡിപ്പോ ഒഴിഞ്ഞുകൊടുക്കണമെന്ന ആവശ്യം സംബന്ധിച്ച്.**

പത്തനംതിട്ടയിൽ പ്രവർത്തിച്ചു വരുന്ന ഹാൻടെക്സ് ഡിപ്പോയുടെ നിലവിലുള്ള വാടക 6,943/- രൂപയാണ്. ടി തുക വർദ്ധിപ്പിക്കണമെന്ന് കടയുടമ ആവശ്യപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ വാടക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് കടയുടമയുമായി ചർച്ചചെയ്യുന്നതിന് ഭരണസമിതി അംഗമായ കെ.കെ.രവീന്ദ്രൻപിള്ളയും, എറണാകുളം മേഖലാ മാനേജരേയും ചുമതലപ്പെടുത്തി സെയിൽസ് വർദ്ധനക്ക് സാധ്യതയുള്ള ഡിപ്പോ ആയതിനാൽ വിൽപ്പന വർദ്ധിപ്പിക്കുന്നതിന് നടപടി കൈകൊള്ളുന്നതിന് മേഖലാ മാനേജരെ ചുമതലപ്പെടുത്തി.

5) **Ex-Servicemen Industrial Security Agency - യിൽ നിന്നും നിയമിച്ചിട്ടുള്ള സെക്യൂരിറ്റികളുടെ സേവനം ലഭ്യമാക്കുന്നത് സംബന്ധിച്ച്.**

ഹാന്റക്സിൽ നിലവിലുള്ള സെക്യൂരിറ്റി സ്റ്റാഫിന്റെ ഡ്യൂട്ടി ഒരു ദിവസം 8 മണിക്കൂർ സമയമാണ്. ടി സ്ഥാപനവുമായി ഹാന്റക്സ് ഏർപ്പെട്ടിട്ടുള്ള കരാർ 1.1.2013 ൽ അവസാനിക്കുന്നതിനാൽ ഒരാൾക്ക് 8 മണിക്കൂർ സമയം വച്ച് 1 മാസം 3500/- രൂപ പ്രകാരം അടുത്ത 2 വർഷത്തേയ്ക്ക് എഗ്രിമെന്റിൽ ഏർപ്പെടുന്നതിന് അംഗീകാരം നൽകി .

6) **എറണാകുളം മേഖലയുടെ നിയന്ത്രണത്തിലുള്ള കുളനട ഡിപ്പോയുടെ വാടക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്.**

എറണാകുളം മേഖലയിലെ കുളനട ഡിപ്പോയുടെ നിലവിലെ വാടക 1300/- രൂപയാണ്. ഇതിന്റെ വാടക കാലാവധി 31.3.2012 ൽ അവസാനിച്ചതിനാൽ പ്രതിമാസ വാടക 1500/- രൂപയായി വർദ്ധിപ്പിച്ച് 1.4.2012 മുതൽ 3 വർഷത്തേയ്ക്ക് പുതിയ കരാറിൽ ഏർപ്പെടുന്നതിന് മേഖലാ മാനേജരെ ചുമതലപ്പെടുത്തി.

7) **കോഴിക്കോട് മേഖലയുടെ നിയന്ത്രണത്തിലുള്ള കാസർഗോഡ് ഏജൻസി ഡിപ്പോയുടെ എഗ്രിമെന്റ് പുതുക്കുന്നത് സംബന്ധിച്ച്.**

കോഴിക്കോട് മേഖലയുടെ നിയന്ത്രണത്തിലുള്ള കാസർഗോഡ് ഏജൻസി ഡിപ്പോയിൽ ഹാന്റക്സും കാസർഗോഡ് സംഘവും സംയുക്തമായി തുണിത്തരങ്ങൾ വിൽപ്പന നടത്തുന്നതിന് 20/8/2011-ൽ കരാറിൽ ഏർപ്പെടുകയും 19/8/2012 മുതൽ 20/8/2013 വരെയുള്ള ഒരു വർഷകാലത്തേയ്ക്ക് സംയുക്തമായി എഗ്രിമെന്റിൽ ഏർപ്പെടുന്നതിന് കോഴിക്കോട് മേഖലാ മാനേജരെ ചുമതലപ്പെടുത്തി.

8) **പാലക്കാട് മേഖലാ ഓഫീസിലും തൃശൂർ സെൻട്രൽ ഡിപ്പോയിലും സെക്യൂരിറ്റി ചാർജ്ജ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്.**

പാലക്കാട് മേഖലാ ആഫീസിൽ ഒരു വാച്ചറെ നിർത്തുന്നതിലേയ്ക്കായി റീജിയണൽ മാനേജരെ ചുമതലപ്പെടുത്തി.

9) **"അംശദാനമിതവ്യയ ഫണ്ട്" പദ്ധതി പ്രകാരം സർക്കാർ വിഹിതം അനുവദിക്കുന്നതിന് അപേക്ഷിക്കുന്നത് സംബന്ധിച്ച്.**

2012 ജൂലൈ മാസം മുതൽ സെപ്റ്റംബർ വരെയുള്ള വേതനത്തിൽ നിന്നും പിടിച്ച 8% തുകയായ 36,808/- രൂപയുടെ സർക്കാർ വിഹിതം ലഭ്യമാക്കുന്നതിന് "അംശദാനമിതവ്യയ ഫണ്ട്" പദ്ധതി പ്രകാരം സർക്കാരിനോടപേക്ഷിക്കുന്നതിന് താഴെ പറയുന്ന തീരുമാനം അംഗീകരിച്ചു.

''അംശദാനമിതവ്യയ ഫണ്ട്' പദ്ധതി'' പ്രകാരം സർക്കാർ വിഹിതം ലഭിക്കുന്നതിന് അപേക്ഷിക്കുന്നതിന് ചുവടെപ്പറയും പ്രകാരം തീരുമാനം എടുക്കേണ്ടതുണ്ട്.

സംസ്ഥാന സർക്കാരിന്റെ വ്യവസായ(സി) വകുപ്പിലെ 26.2.09-ലെ സർക്കാർ ഉത്തരവ് (സാധാ) 266/09 വ്യവ. നമ്പർ ഉത്തരവ് പ്രകാരം, ഹെഡ്ഡാഫീസ് വീവറിയിലെ 37 തൊഴിലാളികളുടെ 2012 ജൂലായ് മുതൽ 2012 സെപ്റ്റംബർ വരെയുള്ള വേതനത്തിൽ നിന്നും പിടിച്ച 8% തുകയായ 36,808/- രൂപയ്ക്ക് ''അംശദാനമിതവ്യയ ഫണ്ട് പദ്ധതി'' പ്രകാരം സർക്കാർ വിഹിതമായ 36,808/- രൂപയ്ക്ക് അർഹതയുണ്ട്. ഈ തുക അനുവദിക്കുന്നതിന് ബഹു. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരോട് അപേക്ഷിക്കുന്നതിന് തീരുമാനിച്ചു.''

10) **1.7.2012 - മുതൽ സർക്കാർ ജീവനകാർക്കനുവദിച്ച ക്ഷാമബത്ത ഹാൻടെക്സ് ജീവനക്കാർക്കും അനുവദിക്കുന്നത് സംബന്ധിച്ച്.**

മാറ്റിവച്ചു.

11) **ഹാംഗ്യാൺ സബ്സിഡി സ്കീം പ്രകാരം 01.04.2012 മുതൽ 30.06.2012 വരെ ഹാന്റക്സ് വിതരണം ചെയ്ത നൂലിന് അർഹതപ്പെട്ട സബ്സിഡി സർക്കാരിൽ നിന്നും ലഭ്യമാക്കുന്നതിനെ സംബന്ധിച്ച്.**

01.04.2012 മുതൽ 30.06.2012 വരെ ഹാന്റക്സ് വിതരണം ചെയ്ത34123.38 കിലോ നൂലിന്റെ സബ്സിഡി തുകയായ 931061/- രൂപ സർക്കാരിൽ നിന്നും ലഭിക്കുന്നതിന് 30.10.2012 ന് എടുത്ത താഴെപ്പറയുന്ന സർക്കുലേറ്റഡ് റെസല്യൂഷൻ അംഗീകരിച്ചു.

"സംസ്ഥാന സർക്കാരിന്റെ 22.1.1999-ലെ ജി.ഒ.(ആർ.റ്റി) 55/99/ ഐ.ഡി നമ്പർ ഉത്തരവ് പ്രകാര 1.04.2012 മുതൽ 30.06.2012 വരെ ഹാൻടെക്സ് വിതരണം ചെയ്ത 34,123.38 കിലോ നൂലിന് 9,31,061/- രൂപ (ഒൻപത് ലക്ഷത്തി മുപ്പത്തി ഒന്നായിരത്തി അറുപത്തിയൊന്ന് രൂപാ മാത്രം) സബ്സിഡിക്ക് അർഹതയുണ്ട്. ഈ തുക ഹാൻടെക്സിന് അനുവദിയ്ക്കുവാൻ ബഹു. കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടറോട് അപേക്ഷിക്കുവാൻ തീരുമാനിച്ചു.''

12) **ഹാന്റക്സ് 1.7.2012 മുതൽ 30.09.2012 വരെ വാങ്ങിയ ഡൈസ് & കെമിക്കൽസിന്റെ സബ്സിഡി ക്ലെയിം ചെയ്യുന്നത് സംബന്ധിച്ച്.**

1.7.2012 മുതൽ 30.09.2012 വരെ വാങ്ങിയ ഡൈസ് & കെമിക്കൽസിന്റെ സബ്സിഡി ക്ലെയിം ചെയ്യുന്നതിന് കൈത്തറി & ടെക്സ്റ്റൈൽസ് ഡയറക്ടറോട് അപേക്ഷിക്കുന്നതിന് താഴെപ്പറയുന്ന തീരുമാനം അംഗീകരിച്ചു.

''സംസ്ഥാന സർക്കാരിന്റെ 19.1.2009 -ലെ ജി.ഒ.(ആർ.റ്റി) 75/09 ഐ.ഡി നമ്പർ ഉത്തരവു പ്രകാരം 1.7.2012 മുതൽ 30.9.2012 വരെ ഹാൻടെക്സ്

വാങ്ങിയ 319197.05 രൂപയുടെ ഡൈസ് & കെമിക്കൽസിന് 10% സബ്സിഡി യായ 31920/- രൂപയ്ക്ക് അർഹതയുണ്ട്. ഈ തുക ഹാൻടെക്സിന് അനുവ ദിയ്ക്കാൻ ബഹു:കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടറോട് അപേക്ഷിക്കു വാൻ തീരുമാനിച്ചു."

13) <u>സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാരുടെ കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിലെ വിഹിതം തിരികെ വാങ്ങിക്കുന്നത് സംബന്ധിച്ച്.</u>

സർവ്വീസിൽ നിന്നും വിരമിച്ച ശ്രീമതി. ബി. പത്മിനി അമ്മ (ഹെഡാഫീസ് 10/12), ശ്രീ. പി. വി. ചന്ദ്രശേഖരൻ നായർ (എറണാകുളം 8/12) ശ്രീ. ഇ. പി. രമണൻ (എറണാകുളം 8/12), ശ്രീ. പി. ശശിധരൻ (പാലക്കാട് 9/12), ശ്രീമതി. ഇ. മേഴ്സി (സ്വീപ്പർ ഹെഡാഫീസ് റിസൈൻഡ് 4/12), ശ്രീ. സി. ഗോപാലകൃഷ്ണൻ (കോഴിക്കോട് 8/12) എന്നീ ജീവനക്കാരുടെ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിൽ നിക്ഷേപിച്ചിട്ടുള്ള വിഹിതത്തിനുവേണ്ടി താഴെ പറയുന്ന റെസല്യൂഷൻ അംഗീകരിച്ചു.

"Resolved to request the Addl. Registrar/ Secretary –Treasurer, Kerala State Co-operative Employees Welfare Board to refund the contribution of below mentioned ex- employees.

| | |
|---|---|
| 1. Smt. B. Padmini Amma HWCS- 121 | Rs. 15580/- |
| 2. Sri. P.V.Chandrasekharan Nair HWCS- 290 | Rs. 15340/- |
| 3. Sri.E.P. Remanan HWCS 320 | Rs. 15340/- |
| 4. Sri. P. Sasidharan HWCS- 370 | Rs. 15460/- |
| 5. Smt. E. Mercy HWCS 739 | Rs. 14860/- |
| 6. Sri. C. Gopala krishnan HWCS 854 | Rs. 5060/-". |

14) <u>സർവ്വീസിൽ പുതിയതായി കയറിയ ജീവനക്കാർക്ക് കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിൽ അംഗത്വം നൽകുന്നത് സംബന്ധിച്ച്</u>

ഹാൻടെക്സിന്റെ സർവ്വീസിൽ LD ക്ലർക്ക് /സ്വീപ്പർ തസ്തികയിൽ പുതിയതായി നിയമനം ലഭിച്ച Sri. K. Sakkeer Hussain (LDC, Head office), Smt. Resmi.V.Nair (LDC, Head office), Sri. P. Balakrishna Pillai (LDC, Kollam), Smt. P. Madhavi (Sweeper Ernakulam), Kum. N.M. Susmitha (LDC, Head office), Sri. N.S. Suneesh (LDC, Palakkad) എന്നീ ജീവനക്കാർക്ക് കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിൽ അംഗത്വം ലഭിക്കുന്നതിന് താഴെപ്പറയുന്ന റെസല്യൂഷൻ അംഗീകരിച്ചു.

"Resolved to request the Kerala State Co-operative Employees Welfare Board to give membership to the below mentioned employees as on their joining date.

1) Sri. K. Sakkeer Hussain , LDC as on 06/08/2012
2) Smt. Resmi.V.Nair, LDC as on 08/08/2012
3) Sri. P. Balakrishna Pillai , LDC as on 08/08/2012
4) Smt. P. Madhavi, Sweeper as on 08/08/2012
5) Kum. N.M. Susmitha, LDC as on 09/08/2012
6) Sri. N.S. Suneesh, LDC as on 13/08/2012".

15) **കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിൽ നിന്നും ലഭിക്കുന്ന ചികിത്സാ സഹായം ശ്രീ. കെ. എം. ബാബുവിന് ലഭിക്കുന്നതിന് അപേക്ഷിക്കുന്നതിനുവേണ്ടി.**

കണ്ണൂർ പ്രൊഡക്ഷൻ സെന്ററിൽ ടെക്നിക്കൽ സൂപ്പർവൈസറായി ജോലിനോക്കുന്ന ശ്രീ. കെ. എം. ബാബുവിന് ഹൃദയസംബന്ധമായ അസുഖത്തിന് 17/9/2012-ൽ കോഴിക്കോട് മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആശുപത്രിയിൽ Angiogram നടത്തുകയുണ്ടായി. ആയതിനോടനുബന്ധിച്ച് വെൽഫെയർ ബോർഡിൽ നിന്നും ലഭിക്കുന്ന ചികിത്സാ സഹായം ലഭിക്കുന്നതിന് താഴെ പറയുന്ന റെസല്യൂഷൻ അംഗീകരിച്ചു.

"Resolved to request the Addl. Registrar/ Secretary-Treasurer, Kerala State Co-operative Employees Welfare Board to sanction an amount of Rs. 75,000/- (Rupees Seventy five thousand only) to Sri. K. M. Babu who has underwent Acute ST Elevation Anterior Wall Myocardial Infarction- Coronary Angiogram."

16) **തിരുവനന്തപുരം ഗാർമെന്റ് യൂണിറ്റിലെ പ്യൂൺ ശ്രീ. വി. സുകുമാരൻ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്നത് സംബന്ധിച്ച്.**

ഹാന്റക്സ് തിരുവനന്തപുരം ഗാർമെന്റ് യൂണിറ്റിലെ പ്യൂൺ ശ്രീ. വി. സുകുമാരൻ 6/3/2012 മുതൽ 11.9.2012 വരെയുള്ള 190 ദിവസം ആഫീസിൽ ഹാജരാകാതിരുന്നത് വിരമിക്കാൻ കേവലം 3 മാസം മാത്രം ബാക്കിയുള്ളതിനാൽ അനധികൃത അവധിയായി അനുവദിക്കുന്നതിനും പത്രപരസ്യത്തിന് ചെലവായ തുക 10,732/- രൂപ ടിയാനിൽനിന്നും ഈടാക്കാൻ തീരുമാനിച്ചു.

17) ഇതരവിഷയങ്ങൾ

17(1) 2011-12, 2012-13 എന്നീ സാമ്പത്തിക വർഷങ്ങളിലെ മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ വരവു ചെലവു കണക്കുകൾ അംഗീകരിക്കുന്നത് സംബന്ധിച്ച്.

2011-12, 2012-13 എന്നീ സാമ്പത്തിക വർഷങ്ങളിലെ മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ വരവു ചെലവു കണക്കുകൾ മാറ്റിവച്ചു.

17(2) ക്രിസ്തുമസ് റിബേറ്റ് കാലയളവിലേയ്ക്ക് ആവശ്യമായ സാരിത്തരങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്.

2012 ക്രിസ്മസ് റിബേറ്റ് കാലയളവിലേയ്ക്കുള്ള സെയിൽസ് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സാരിത്തരങ്ങൾ എൻ.എസ്.ഐ.സിയിൽ നിന്നോ, ആൾ ഇന്ത്യാ ഹാന്റ്ലൂം സൊസൈറ്റിയിൽ നിന്നോ വാങ്ങുന്നതിന് തീരുമാനിക്കുകയും ആയതിലേയ്ക്ക് ഭരണസമിതി അംഗങ്ങളായ ശ്രീ. ഭക്തവത്സലൻ, ശ്രീ. ഡി. സുധാകരൻ, ശ്രീ. കെ.കെ. രവീന്ദ്രൻപിള്ള, മാർക്കറ്റിംഗ് മാനേജർ എന്നിവരെ ചുമതലപ്പെടുത്തി.

17(3) നെയ്ത്ത് കൂലി വർദ്ധനവ് സംബന്ധിച്ച്.

നിലവിൽ ഡബിൾ മുണ്ട് ഉൾപ്പെടെയുള്ള തുണിത്തരങ്ങൾക്ക് 40% ലാഭത്തിലാണ് ഹാൻടെക്സ് വിൽക്കുന്നത് ബ്ലീച്ച് മുണ്ട് ഒഴികെയുള്ള ഡബിൾ മുണ്ടിന് മാത്രം 40% എന്നത് 30% ലാഭം 1.1.2013 മുതൽ ഈടാക്കാനും നെയ്ത്ത് കൂലി 15% 2013 ജനുവരി 1 മുതൽ വർദ്ധിപ്പിക്കാനും തീരുമാനിച്ചു.

17(4) കൊല്ലം മേഖലയുടെ നിയന്ത്രണത്തിലുള്ള അഞ്ചൽ ഡിപ്പോയുടെ വാടക കരാറിൽ ഏർപ്പെടുന്നത് സംബന്ധിച്ച്.

28/9/2012 ലെ ഭരണസമിതിയോഗ തീരുമാനം നമ്പർ-9 പ്രകാരം 1/7/2012 മുതൽ 30.6.2017 വരെ പ്രതി വർഷം 5% വാടക വർദ്ധനവിന് കരാറിൽ ഏർപ്പെടുന്നതിനും മേഖലാ മാനേജരെ ചുമതലപ്പെടുത്തുകയും ഇപ്പോൾ അഞ്ചൽ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരിക്കുന്ന അഡീഷണൽ ഡെപ്പോസിറ്റ് തുകയായ 1728/- രൂപ കൂടി പഞ്ചായത്തിൽ ഒടുക്കുന്നതിന് മേഖലാ മാനേജരെ ചുമതലപ്പെടുത്തി.

17(5) ഗാർമെന്റ് യൂണിറ്റിലേയ്ക്ക കമ്പ്യൂട്ടർ വാങ്ങുന്നത് സംബന്ധിച്ച്.

ഗാർമെന്റ് യൂണിറ്റിലേയ്ക്ക് കമ്പ്യൂട്ടർ വാങ്ങുന്നത് തൽക്കാലം മാറ്റിവച്ചു.

17(6) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിലെ ലോൺ കുടിശ്ശിക സംബന്ധിച്ച്.

കേരള സംസ്ഥാന സഹകരണ ബാങ്കിലെ ഹാന്റക്സിന്റെ ലോൺ കുടിശ്ശിക ഈടാക്കുന്നത് സംബന്ധിച്ച്. ബാങ്ക് നൽകിയ നോട്ടീസ് റിക്കാർഡ് ചെയ്തു.

17(7) ഹാൻടെക്സ് ഹെഡ്ഓഫീസ് അതിർത്തിയിലുള്ള ഗസ്റ്റ് ഹൗസ് കെട്ടിടം മെയി ന്റനൻസ് ചെയ്ത വകയിൽ പേമെന്റ് നൽകുന്നത് സംബന്ധിച്ച്.

ഹാൻടെക്സ് ഹെഡ്ഓഫീസ് അതിർത്തിയിലുള്ള ഗസ്റ്റ് ഹൗസിന്റെ അറ്റകുറ്റ പണികൾ മാനേജിംഗ് ഡയറക്ടറുടെ വാക്കാലുള്ള നിർദ്ദേശ ത്തിന്റെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി മാർക്കറ്റിംഗ് മാനേജരുടെ മേൽനോട്ട ത്തിൽ ചെയ്തു തീർത്ത പണികളുടെ ആകെ ചെലവായ 12,000/- രൂപയുടെ പേമെന്റിന് അംഗീകാരം നൽകാൻ തീരുമാനിച്ചു.

17(8) ഡി.എ. കുടിശ്ശിക നൽകുന്നത് സംബന്ധിച്ച്.

2010-11 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് പ്രകാരം ഹാൻടെക്സിന്റെ നഷ്ടം 140 കോടി രൂപയാണ്. 18 കോടിയോളം രൂപ 15 വർഷങ്ങൾക്ക് മുമ്പ് അംഗസംഘങ്ങളിൽ നിന്നും തുണിത്തരങ്ങൾ സംഭരിച്ച വകയിൽ ഇപ്പോഴും നൽകാനുണ്ട്. ഹാന്റക്സ്, സർക്കാർ നേരിട്ട് നടത്തുന്ന സ്ഥാപ നമല്ല. സർക്കാർ ജീവനക്കാർക്ക് പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾ ഹാന്റക്സ് ജീവനക്കാർക്കും നൽകാൻ കഴിയാത്ത സ്ഥിതിയാണ്. എന്നാൽ ജീവനക്കാർക്ക് മാസംതോറും കൃത്യമായി ശമ്പളം നൽകുന്നുണ്ട്. സർക്കാ റിന്റെ ചെറിയ സഹായം മാത്രമേ ലഭിക്കുന്നുള്ളൂ. നിലവിലുള്ള ഹാൻടെക് സിന്റെ സാമ്പത്തിക പ്രയാസം ബഹു: ഹൈക്കോടതിയെ അറിയി ക്കുവാനും സംഘങ്ങൾക്ക് കുറേയെങ്കിലും കുടിശ്ശിക നൽകണമെന്നും അതിനുശേഷം ബഹു: ഹൈക്കോടതി ഉത്തരവ് മാനിച്ച് സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ജീവനക്കാർക്ക് ഡി.എ. കുടിശ്ശികകൾ നൽ കാനും തീരുമാനിച്ചു.

17(9) ഹാന്റക്സിന്റെ ഡിപ്പോകൾ ലഭ്യമായ ഫണ്ട് ഉപയോഗിച്ച് ഫർണിഷിംഗ് ചെയ്യു ന്നത് സംബന്ധിച്ച്.

താഴെപ്പറയുന്ന മേഖലകളിലെ ഡിപ്പോകളുടെ നവീകരണ പ്രവർത്തനം ചെയ്യുന്നതിന് സർക്കാർ അംഗീകൃത സ്ഥാപനങ്ങളെക്കൊണ്ട് എസ്റ്റിമേറ്റ് എടുപ്പിച്ച് ജോലികൾ എൽപ്പിക്കുന്നതിന് തീരുമാനിച്ചു.

**I. കൊല്ലം**

1. കൊല്ലം റീജിയണൽ ആഫീസ്.
2. തമ്പാനൂർ ഹാന്റക്സ് കെട്ടിടം.
3. വഴുതയ്ക്കാട് ഡിപ്പോ.

**II എറണാകുളം**

1. പെരുമ്പാവൂർ
2. ആലുവ നമ്പർ 1 ഡിപ്പോ.
3. റീജിയണൽ ആഫീസ്, കോട്ടയം.
4. റീജിയണൽ ആഫീസ്, എറണാകുളം.

**II പാലക്കാട്**

1. പാലക്കാട് ഷോറൂം.
2. പാലക്കാട് എംപോറിയം.

## II കോഴിക്കോട്

1. കണ്ണൂർ റീജിയണൽ ആഫീസ്
2. കണ്ണൂർ നമ്പർ.1 ഡിപ്പോ.
3. എസ്.പി.എസ് ഷോറൂം.
4. കോഴിക്കോട് റീജിയണൽ ആഫീസ്.
5. കോഴിക്കോട് ഷോറൂം.
6. മാനന്തവാടി.
7. കൽപ്പറ്റ.
8. സുൽത്താൻ ബത്തേരി.
9. ബാലുശ്ശേരി.

17(10) **കോഴിക്കോട് മേഖലയിലെ വടകര ഷോറൂം നവീകരണത്തിനും, പാലക്കാട് മേഖലയിലെ തൃശൂർ ഷോറൂം നിർമ്മിക്കുന്നതിനും ഫണ്ട് ലഭ്യമാക്കുന്നത് സംബന്ധിച്ച്.**

സർക്കാർ ഓർഡർ നമ്പർ.1283/2008/ഐ.ഡി തീയതി.13/11/2008 ന്റെ അടിസ്ഥാനത്തിൽ 2/8/2011 ലെ ഭരണസമിതി തീരുമാനം 5 പ്രകാരം കോഴിക്കോട് മേഖലയിലെ വടകര ഷോറൂം നവീകരണം കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ പണി പൂർത്തിയാക്കുകയും എസ്റ്റിമേറ്റ് തുകയായ 23,17,723/- രൂപയിൽ അഡ്വാൻസ് പേമെന്റ് 10 ലക്ഷം രൂപ സർക്കാർ ടി ഓർഡർ പ്രകാരം അനുവദിച്ച 25 ലക്ഷം രൂപയിൽ നിന്നും കൊടുത്തിട്ടുള്ളതും, ബാക്കി തുകയായ 13,17,723/- രൂപ സർക്കാരിൽ നിന്നും ഡിപ്പോ/ഹെഡാഫീസ് നവീകരണത്തിനായി എച്ച്.എൽ/സി5/3429/ 11(1) തീയതി.26/8/2011 - ലെ ഓർഡർ പ്രകാരം അനുവദിച്ച 150 ലക്ഷം രൂപയിൽ നിന്നും ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന് നൽകുന്നതിനും തീരുമാനിച്ചു.

പാലക്കാട് മേഖലയിലെ തൃശൂർ ഷോറൂം പുനർ നിർമ്മാണത്തിന് 28/9/2012 ലെ ഭരണസമിതി തീരുമാനം നം.3 പ്രകാരം തീരുമാനിച്ചിരുന്നു. സർക്കാർ ഓർഡർ എച്ച്.എൽ/സി5/2970/12(1) തീയതി.26/7/2012 ലെ പ്രകാരം അനുവദിച്ച 200 ലക്ഷം രൂപയിൽ നിന്നും എസ്റ്റിമേറ്റ് തുകയായ 50,75,000/- രൂപ തൃശൂർ ഷോറൂമിന്റെ നിർമ്മാണത്തിന് നൽകുന്നതിന് ബഹു: കൈത്തറി രജിസ്ട്രാറോട് അപേക്ഷിക്കുന്നതിനും നിർമ്മാണ നടപടികൾ ആരംഭിക്കുന്നതിനും തീരുമാനിച്ചു.

17(11) **ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിനുവേണ്ടി ടെറിടൗവ്വൽ വിതരണം ചെയ്യുന്നത് സംബന്ധിച്ച്.**

7.11.2012-ലെ ഓർഡർ നമ്പർ ജി.കെ.എസ്.എഫ്/എൽ/4799/2012 നമ്പർ പ്രകാരം (18x27 @ Rs. 60/-, 23 x 46=500 @ Rs.110) എന്ന നിരക്കിൽ ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിനുവേണ്ടി ടെറിടൗവ്വലുകൾ വിതരണം ചെയ്യുന്നതിന് ടെറിടൗവ്വൽ അംഗസംഘങ്ങളിൽ ലഭ്യമല്ലെങ്കിൽ മാത്രം കേന്ദ്ര സ്ഥാപനമായ ആൾ ഇന്ത്യാ ഹാന്റ്ലൂം ഹൗസ്, എൻ.എസ്.ഐ.സി എന്നിവിടങ്ങളിൽ നിന്നും വാങ്ങുന്നതിന് മാർക്കറ്റിംഗ് മാനേജർ. ശ്രീ. എസ്. പ്രകാശിനേയും, ഡെപ്യൂട്ടി മാർക്കറ്റിംഗ് മാനേജർ ശ്രീ. റ്റി.എം. ശങ്കരനേയും ചുമതലപ്പെടുത്തി.

17(12) <u>1/1/2001 മുതൽ 31/3/2007 വരെയുള്ള കാലയളവിലെ സെയിൽസ് കമ്മിഷൻ നൽകുന്നത് സംബന്ധിച്ച്.</u>

ഹാന്റക്സിന്റെ ഇപ്പോഴത്തെ സാമ്പത്തികസ്ഥിതി ചൂണ്ടി കാണിച്ച് കോടതിയിൽ റിവ്യൂ പെറ്റിഷൻ നൽകാൻ തീരുമാനിച്ചു. ആയതിന് മാനേജിംഗ് ഡയറക്ടറേയും അഡ്മിനിസ്ട്രേറ്റീവ് ആഫീസറേയും ചുമതലപ്പെടുത്തി.

യോഗം കൃത്യം 5 മണിയ്ക്ക് അവസാനിച്ചു.

മാനേജിംഗ് ഡയറക്ടർ

പ്രസിഡന്റ്